"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പരേതയായ റ്റി.കെ. കോമളത്തിന്റെ ഭർത്താവ് ശ്രീ. കെ.ജെ. കുരുവിളയ്ക്ക് (PPO No.45250310) 01/04/2023 മുതൽ 30/06/2026 വരെയുള്ള കുടുംബപെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ -ബി) വകുപ്പ്

സ.ഉ.(സാധാ) നം.8161/2026/FIN തീയതി,തിരുവനന്തപുരം, 26-10-2026

പരാമർശം:- 1. അക്കൗണ്ടന്റ് ജനറലിന്റെ (A&E) 30/06/2026-ലെ P10/PenA/903/AL/02-03/96 നമ്പർ ഓതറൈസേഷൻ

2. ട്രഷറി ഡയറക്ടറുടെ 14/09/2026-ലെ TRY/4187/2026-P1 നമ്പർ കത്ത്.

ഉത്തരവ്

പീരുമേട് സബ് ട്രഷറി മുഖേന സർവീസ് പെൻഷൻ കൈപ്പറ്റി വന്നിരുന്ന റ്റി. കെ. കോമളം 30/03/2023-ൽ മരണപ്പെടുകയുണ്ടായി. ടിയാളുടെ ഭർത്താവ് ശ്രീ.കെ.ജെ. കുരുവിള കുടുംബപെൻഷൻ ലഭിക്കുന്നതിനുവേണ്ടി 23/03/2026-ന് ആണ് സബ് ട്രഷറിയെ സമീപിച്ചിട്ടുള്ളതെന്നും തുടർന്ന് ടിയാളുടെ പെൻഷൻ പേയ്മെന്റ് ഓർഡർ അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് പരാമർശം (1) പ്രകാരം റീവാലിഡേറ്റ് ചെയ്ത് ലഭ്യമാക്കി, 01/07/2026 മുതൽ ടിയാന് പ്രതിമാസകുടുംബപെൻഷൻ വിതരണം ചെയ്തു വരുന്നുവെന്നും ട്രഷറി ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ശ്രീ.കെ.ജെ. കുരുവിളയ്ക്ക് അർഹതപ്പെട്ട 01/04/2023 മുതൽ 30/06/2026 വരെയുള്ള കുടുംബപെൻഷൻ കുടിശ്ശിക 8,09,133/- രൂപയായി (എട്ട് ലക്ഷത്തി ഒൻപതിനായിരത്തി ഒരുനൂറ്റിമുപ്പത്തിമൂന്ന് മാത്രം) കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റും അനുബന്ധ രേഖകളും സഹിതം ,കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള സർക്കാർ അനുമതിക്കായി ട്രഷറി ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സർവീസ് റൂൾസ് ഭാഗം III - ചട്ടം 90-സബ് റൂൾ 6-ന് താഴെയുള്ള കുറിപ്പ് 5 പ്രകാരം ജീവനക്കാരൻ്റെയോ പെൻഷൻകാരൻ്റെയോ ഫാമിലി പെൻഷൻകാരൻ്റെയോ മരണത്തിന് മൂന്ന് വർഷത്തിനുള്ളിൽ കുടുംബ പെൻഷൻ അപേക്ഷ പെൻഷൻ അനുവദിക്കുന്ന അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.ഇവിടെ പെൻഷണറുടെ മരണശേഷം 3 വർഷത്തിനുള്ളിൽ തന്നെ ശ്രീ.കെ.ജെ. കുരുവിള കുടുംബപെൻഷനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കേരള സർവീസ് റൂൾസ് ഭാഗം III ചട്ടം 136 പ്രകാരം കുടിശ്ശിക തുക 3 ലക്ഷം രൂപയിൽ കൂടുതലായതിനാൽ കുടിശ്ശിക വിതരണം ചെയ്യുന്നതിനു സർക്കാരിന്റെ അനുമതി ആവശ്യമാണ്.

3. ഈ സാഹചര്യത്തിൽ, ശ്രീ. കെ.ജെ. കുരുവിളയ്ക്ക് 01/04/2023 മുതൽ 30/06/2026 വരെയുള്ള കാലയളവിലേക്ക് അർഹതപ്പെട്ട കുടുംബപെൻഷൻ കുടിശ്ശിക തുകയായ ₹8,09,133/- (എട്ട് ലക്ഷത്തി ഒമ്പതിനായിരത്തി ഒരുനൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) 2026 നവംബർ മാസം മുതൽ നാല് തുല്യ ഗഡുക്കളായി പ്രതിമാസ പെൻഷനോടൊപ്പം വിതരണം ചെയ്യുന്നതിന് ട്രഷറി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. അനുവദിക്കുന്ന തുകയുടെ കൃത്യത ട്രഷറി ഡയറക്ടർ പൂർണ്ണമായും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASANKAR K G

അഡിഷണൽ സെക്രട്ടറി

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ,കേരളം ,തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -II) ,കേരളം ,തിരുവനന്തപുരം

3.ഡയറക്ടർ ,ട്രഷറി ഡയറക്ടറേറ്റ്,പട്ടം,പട്ടം പാലസ് പി.ഓ ,തിരുവനന്തപുരം

4.ശ്രീ. കെ. ജെ. കുരുവിള, കാറോട്ടുകുട്ട് വീട് , പീരുമേട് പി.ഒ., ഇടുക്കി.

5.നോഡൽ ഓഫീസർ www.finance.kerala.gov.in

6.സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഇ-3628311)

ഉത്തരവിൻ പ്രകാരം

Digitally signed by
Sujeev S J
Date: 27-10-2026
11:09:21

സെക്ഷൻ ഓഫീസർ